# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM.P4/528/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , (ഉപരിപത്രം സഹിതം)
2) അസി. ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം
3) കാര്യാലയ പകർപ്പ്

നമ്പർ: KSA-KLM.P4/528/22 തീയ്യതി: 20/06/2022

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 28-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മാത്യൂ റോയി കെ. പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മഞ്ജുളാ സാഗർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി അമ്പിളി .ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ അരുൺജിത്ത് ജി, സീനിയർഗ്രേഡ് ഓഡിറ്റർ,
ശ്രീമതി രാജശ്രീ സി ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി. ബാബു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഹസീന എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് കമ്മറ്റി | ചെയർമാൻ | 12-11-2020 | 29-12-2020 |
| രാജി ബി.റ്റി, അസിസ്റ്റന്റ് ഡയറക്ടർ-കൃഷി, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം | ചെയർമാൻ | 12-11-2020 | 29-12-2020 |
| രാധാകൃഷ്ണപിള്ള ബി, സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം | ചെയർമാൻ | 12-11-2020 | 29-12-2020 |
| ശ്രീമതി ജയദേവി മോഹൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബി രാധാകൃഷ്ണപിള്ള | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീ അജികുമാർ കെ | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീമതി കല്പന ടി എ | അസിസ്റ്റന്റ് ഡയറക്ടർ - കൃഷി | 01-04-2020 | 26-05-2020 |
| ശ്രീമതി സംഗീത എ എസ് | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 26-05-2020 | 04-06-2020 |
| ശ്രീമതി രാജി ബി റ്റി | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 05-06-2020 | 18-01-2021 |
| ശ്രീമതി സംഗീത എ എസ് | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 19-01-2021 | 31-03-2021 |
| ഡോ.അനിത കെ കുമാർ | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 01-04-2020 | 31-03-2021 |
| ശ്രീമതി കവിത പി ആർ | സിഡിപിഒ-അഞ്ചാലുംമൂട് | 01-04-2020 | 31-03-2021 |
| ശ്രീമതി സുഷമ കെ | സിഡിപിഒ-ചിറ്റുമല | 01-04-2020 | 31-03-2021 |
| ശ്രീ കെ ഓമനക്കുട്ടൻ | ഡയറി എക്സ്റ്റൻഷൻ | 01-04-2020 | 15-01-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി മഞ്ജു ഒ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-01-2021 | 31-03-2021 |
| ശ്രീ സന്തോഷ് കുമാർ എൻ | സൂപ്രണ്ട്, ഗവ. വൃദ്ധ സദനം | 01-04-2020 | 31-03-2021 |
| ശ്രീമതി ഹസീന എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയ കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ സിബി എ ജി | എസ് സി ഡി ഒ | 01-04-2020 | 31-03-2021 |
| ഡോ. ബിന്ദു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. കണ്ണനുണ്ണി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 10-06-2022)<br>Last Updated By: Rajasree.C.R (Auditor, On 14-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Rajasree.C.R (Auditor, On 14-06-2022) | 1-7 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-8 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 25-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-9 |
| 12 | വാടകകുടിശ്ശിക ലക്ഷങ്ങൾ ഈടാക്കാനവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-10 |
| 13 | ഭൂമി അധീനതയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല<br>Written By: Rajasree.C.R (Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-11 |
| 14 | വിതരണ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 16-03-2022)<br>Last Updated By: Rajasree.C.R (Auditor, On 14-06-2022) | 1-12 |
| 15 | രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല<br>Written By: Rajasree.C.R (Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-13 |
| 16 | ഭിന്നശേഷികാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം-നിയമാനുസൃത രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 19-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-14 |
| 17 | സർക്കാർ വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം - | 1-15 |

| | | |
|---|---|---|
| | പകുതി വഴിയിൽ ഉപേക്ഷിച്ചു.<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | |
| 18 | താലൂക്ക് ഹോസ്പിറ്റലിന് ഡയാലിസിസ് യൂണിറ്റ്-കെട്ടിടനിർമ്മാണം -ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 14-06-2022) | 1-16 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി -രേഖകൾ ഹാജരാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-17 |
| 20 | മുൻകൂറായി തുക നല്കിയിട്ടുണ്ടെങ്കിലും കെൽട്രോണിൽ നിന്നും നാളിതുവരെ കംപ്യൂട്ടറുകൾ ലഭിച്ചിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 16-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-18 |
| 21 | സബ്സിഡി മാർഗ രേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കി<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 14-06-2022) | 1-19 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Manjula Sagar (Asst. Audit Officer, On 23-03-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 1-20 |
| 23 | വജ്രജൂബിലി ഫെലോഷിപ്പ് - കലാകരൻമാർക്ക് ഫെലോഷിപ്പ് നൽകിയതിൽ മാനദണ്ഡങ്ങൾ പാലിച്ചില്ല<br>Written By: Manjula Sagar (Asst. Audit Officer, On 23-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-21 |
| 24 | എസ്.0044/21- 10,+1,+2- തുല്യത പഠിതാക്കൾക്ക് പഠന സഹായം- മതിയായ രേഖകൾ ഇല്ലാതെ തുക നൽകി<br>Written By: Manjula Sagar (Asst. Audit Officer, On 23-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-22 |
| 25 | ലൈഫ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രമില്ല<br>Written By: Manjula Sagar (Asst. Audit Officer, On 23-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-23 |
| 26 | വാട്ടർ ടാങ്ക് വിതരണം- വിതരണവിവരം ലഭ്യമല്ല, വികസന ഫണ്ട് അധികമായി ചെലവഴിച്ചു<br>Written By: Arunjith G (Senior Grade Auditor, On 16-03-2022)<br>Last Updated By: Naseer S (Computer Assistant, On 14-06-2022) | 1-24 |
| 27 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Arunjith G (Senior Grade Auditor, On 16-03-2022)<br>Last Updated By: Naseer S (Computer Assistant, On 14-06-2022) | 1-25 |
| 28 | കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 16-03-2022)<br>Last Updated By: Naseer S (Computer Assistant, On 14-06-2022) | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വാട്ടർ ടാങ്ക് വിതരണം- വിതരണവിവരം ലഭ്യമല്ല, വികസന ഫണ്ട് അധികമായി ചെലവഴിച്ചു<br>Written By: Arunjith G (Senior Grade Auditor, On 25-03-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 10-06-2022) | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arunjith G (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 14-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.03.2020 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 31.07.21 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) 20-21 സാമ്പത്തിക വർഷം ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ ഹാജരാക്കിയിട്ടില്ല.

2) ആർ.പി. 1 ടാക്സ് റവന്യൂ ഇനത്തിൽ പ്രോഫഷണൽ ടാക്സ് എംപ്ലോയ്സ് ഇനത്തിൽ 1,10,100/- രൂപയുടെ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

3) വാർഷികകണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടിനു വേണ്ടിയുള്ള ഹെഡിൽ (320700204) 1805457/- രൂപയുടെ ചെലവും ഉണ്ട്. എന്നാൽ സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം സംയുക്ത പ്രോജക്ടിനു വേണ്ടിയുള്ള ഹെഡിൽ ചെലവ് നടന്നിട്ടില്ല.

4) സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവില്ല. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ മുൻബാക്കിയായി 80,000/-രൂപായും1976300/- വരവും 213800 രൂപാ നീക്കുബാക്കിയും ഉണ്ട്. അതായത് 18,42,500/- രൂപയുടെ ചെലവ് സുലേഖാ സ്റ്റേറ്റ് മെന്റിൽ വന്നിട്ടില്ല.

3) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിരിക്കുന്ന 7506791/-രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) MGNREGS നു വേണ്ടിയുള്ള കേരളപുരം ഇന്ത്യൻ ബാങ്കിന്റെ 772786356 നമ്പർ അക്കൌണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വാർഷികകണക്കുകളിൽ വാടക ഡിമാന്റും വരവും ചെലവും നീക്കിബാക്കിയും രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,16,60,760/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹8,65,42,429/- |
| ആകെ | ₹9,82,03,189/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹8,60,34,014/- |
| നീക്കിയിരിപ്പ് | ₹1,21,69,175/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,49,700/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,08,02,170/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,73,18,793 | 3,73,18,793 | 3,72,32,530 | 86,263 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,84,97,000 | 1,84,97,000 | 1,56,00,713 | 28,96,287 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (ബേസിക്-അൺടൈഡ്) | 0 | 70,10,000 | 70,10,000 | 67,58,924 | 2,51,076 |
| ധനകാര്യകമ്മീഷൻഗ്രാന്റ് (ടൈഡ്) | 0 | 70,10,000 | 70,10,000 | 33,70,974 | 36,39,026 |
| മെയിന്റനൻസ്ഫണ്ട് (നോൺ റോഡ്) | 0 | 65,10,479 | 65,10,479 | 65,09,917 | 562 |
| ടി.എസ്.സി | 18,29,582 | 58,308 | 18,87,890 | 67,025 | 18,20,865 |
| ഐഡബ്ല്യൂഎംപി - ജനറൽ | 25,21,000 | 34,12,300 | 59,33,300 | 19,16,009 | 40,17,291 |
| സാക്ഷരത | 2,61,134 | 10,445 | 2,71,579 | - | 2,71,579 |
| എം.എൽ.എ- എസ്ഡിഎഫ് | 90,400 | 2,749 | 93,149 | - | 93,149 |
| ഐ.എ.വൈ | 24,97,360 | 85,496 | 25,82,856 | 190 | 25,82,666 |
| അഡ്മിനിസ്ട്രേറ്റീവ് ഫണ്ട്-പോവർട്ടി അലീവിയേഷൻ | 220 | 0 | 220 | 0 | 220 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | ₹13,03,02,942/- | 98 | ₹6,94,73,058/- | 14 | 9 | 80.99 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.22 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തൻദിവസം ക്യാഷ് വരവും മുൻ ദിവസത്തെ ക്യാഷ് നീക്കിയിരിപ്പും ഇല്ലായിരുന്നു.

### 1-7 ആഭ്യന്തര നിയന്ത്രണം

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ

പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും പര്യാപ്തമാക്കുന്നതിനുമായി ആവശ്യമായ സംവിധാനങ്ങൾ സജ്ജമാണ്.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാന ഇനങ്ങൾ സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്ന രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുക്കുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

തനതുവരുമാനസ്രോതസ്സുകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടകകരാർ യഥാസമയം പുതുക്കി വാടക പിരിച്ചെടുക്കുന്നില്ല. പിഡബ്ള്യുഡി നിരക്കിൽ വാടക നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പ്രാബല്യത്തിൽ വരുത്തി ഈടാക്കിയിട്ടില്ല. തൻവർഷത്തെ വാടകകുടിശികയായി എട്ട് ലക്ഷത്തിലധികം രൂപ അവശേഷിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി സ്വകാര്യ വ്യക്തി കയ്യേറിയത് തിരികെ പിടിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കംപ്യൂട്ടറുകൾ വാങ്ങുന്നതിന് സെക്രട്ടറി, സിഡിപിഒ എന്നീ നിർവ്വഹണോദ്യോഗസ്ഥർ തുകകൾ കെൽട്രോണിന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. എന്നാൽ അവ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇഞ്ചവിളയിലെ മാലിന്യസംസ്കരണ പ്ളാന്റിനായി വൻ തുക ചെലവഴിച്ചിട്ടിണ്ടെങ്കിലും പ്ളാന്റ് നാളിതുവരെ പ്രവർത്തന ക്ഷമമായി കാണുന്നില്ല.

ഭിന്നശേഷിക്കാർക്കായി സൈഡ് വീലോട് കൂടിയ സ്കൂട്ടർ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിയതിന്റെ ഫയൽ അപൂർണ്ണമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. മുഴുവൻ ഗുണഭോക്താക്കളുടെയും ലൈസൻസ് രേഖകൾ, വാഹനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാവുന്ന തരത്തിൽ "വെഹിക്കിൾ ക്ലാസ് - അഡാപ്റ്റഡ് വെഹിക്കിൾ" എന്ന കാറ്റഗറിയിൽ രജിസ്റ്റർ ചെയ്തു നല്കിയിട്ടില്ല.

എസ് സി ഡി ഒ നടപ്പിലാക്കിയി എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം മുൻ വർഷങ്ങളിലുൾപ്പടെ ആനുകൂല്യം ലഭിച്ചവർ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നല്കൽ എന്ന പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിരുന്നെങ്കിലും ടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് തുക നല്കിയപ്പോൾ വികസന ഫണ്ടിൽ നിന്നും അധിക തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളിലെ പാകപ്പിഴകളാണ് ഇതിനെല്ലാം കാരണമാകുന്നത്.

ഇത്തരത്തിലെ അപാകതകൾ പ്രോജക്ട് നിർവ്വഹണത്തിലെ ജാഗ്രത കുറവാണ് കാണിക്കുന്നത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും ജാഗ്രതാ, മോണിട്ടറിംഗ് സമിതികളുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.12.21 | 2020-21 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.19 | 2015-16 To 2018-19 | 29.07.19 |

## 1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പദ്ധതി വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 വാടകകുടിശ്ശിക ലക്ഷങ്ങൾ ഈടാക്കാനവശേഷിക്കുന്നു.

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിൽ ഗ്രൗണ്ട് ഫ്ലോറിൽ 16 സ്ഥാപനങ്ങളും, ഫസ്റ്റ് ഫ്ലോറിൽ 3 സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെ 6 സ്ഥാപനങ്ങളും ഷോപ്പിംഗ് കോംപ്ലക്സിനു പുറത്ത് 3 സ്ഥാപനങ്ങളും വാടകയ്ക്ക് പ്രവർത്തിക്കുന്നു. 20.05.2017 ലെ V(I) നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിയമാവലി പ്രകാരമാണ് നിലവിലും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. മുൻ വർഷങ്ങളിൽ വാടകയ്ക്ക് ഏടുത്ത വ്യക്തികൾ തന്നെ തുടർന്നുള്ള വർഷങ്ങളിലും വാടകയിൽ 5% വർദ്ധനവ് വരുത്തി കടമുറികൾ വാടകയ്ക്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഓരോ വർഷവും എല്ലാ വാടകക്കാരുമായും കരാർ പുതുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ഗുരുതരമായ അലംഭാവമാണ് കാണിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 18.09.2019 ലെ 6(1)നമ്പർ തീരുമാന പ്രകാരം വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക, കരാർ പുതുക്കുന്നതിനനുസരിച്ച് നിലവിലുള്ള പി.ഡബ്ല്യു.ഡി. നിരക്കായ ച.മീറ്ററിന് 156/- രൂപ നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. ചുവടെ പറയുന്ന വ്യക്തികൾ തൻവർഷം വാടക പുതുക്കിയ/പഴയ നിരക്കിൽ അടവാക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല. തൻവർഷം വാടകയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു. വാടകയിനത്തിൽ ലഭ്യമാക്കാനവശേഷിക്കുന്ന തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| റൂം നം. | പേര് | പഴയ വാടക നിരക്ക് (രൂപ) | പുതിയ വാടക നിരക്ക് (രൂപ) | 20-21 ലെ കുടിശ്ശിക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| റൂം 1,2 | ഗ്രാമ്യ സൂപ്പർ മാർക്കറ്റ് | 2046.8 | 13048.63 | 4x2046.8=8187.2<br>8x13048.63=104389.04<br>ആകെ = 112576.24 | കരാർ അവസാനിച്ച തീയതി 15.7.20 പുതിയ വാടക അടക്കേണ്ടി യിരുന്നത് 8/2020 മുതൽ |
| 3 | ജേക്കബ് ഡി | 3474.8 | 4349.55 | 874.75 | പുതിയ വാടക അടക്കേണ്ടി യിരുന്നത് 7/2020 മുതൽ അടച്ചത് 8/2020 മുതൽ |
| 4 | ബൈജു | 3474.8 | 4349.55 | 4x4349.55=17398.2 | കരാർ അവസാനിച്ച തീയതി 2.8.20 പുതിയ വാടക അടക്കേണ്ടി യിരുന്നത് 8/2020 മുതൽ, 4 മാസത്തെ വാടക ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു. |
| 5 | ഷിബു കുരിയാക്കോസ് | 3474.8 | 4349.55 | 5x4349.55=21747.75<br>ആകെ<br>21747.75+874.75=22622.5 | പുതിയ വാടക അടക്കേണ്ടിയിരുന്നത് 7/2020 മുതൽ അടച്ചത് 8/2020 മുതൽ ,<br>5 മാസത്തെ വാടക ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. |
| 6. | ഓമനക്കുട്ടൻ പിള്ള | 3474.8 | 4349.55 | 5x4349.55=21747.75<br>ആകെ | പുതുക്കിയ നിരക്കിൽ അടക്കേണ്ടിയിരുന്നത് |

| | | | | | |
|---|---|---|---|---|---|
| | | | | 21747.75+874.75=22622.5 | 7/2020 മുതൽ അടച്ചത് 8/2020 മുതൽ, 5 മാസത്തെ വാടക ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. |
| 7 | ജയദേവൻ | 3474.8 | 4349.55 | 12x4349.55=52194.6 | കരാർ പുതുക്കിയിട്ടില്ല. പുതിയ നിരക്കിൽ വാടക നൽകേണ്ടിയിരുന്നത് 12/2019 മുതൽ, 12 മാസത്തെ വാടക ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. |
| 8 | ഗോപകുമാർ | 2903.6 | 2775.32 | 5x2775.32= 13876.6<br>13876-128.28=13747.72 | പുതിയ തുക അടയ്ക്കേണ്ടി ഇരുന്നത് 7/2020 മുതൽ അടച്ചത് 8/2020 മുതൽ.<br>പുതിയ വാടക നിരക്ക് പഴയ വാടക നിരക്കിനേക്കാൾ കുറവാണ്. 5 മാസത്തെ വാടക ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. |
| 9 | രാജേഷ് കുമാർ | 2,772.7 | 3046.35 | 5x3046.35= 15231.75<br>15231.75+273.65=15505.4 | പുതുക്കിയ വാടക അടക്കേണ്ടിയിരുന്നത് 7/20 മുതൽ, അടച്ചത് 8/2020.<br>5 മാസത്തെ വാടക ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. |
| 10, 11 | റൂറൽ സാനിട്ടറി മാർട്ട്, IIT | 5226 | 6218.94 | 6218.94X12=74627.28 | കരാർ പുതുക്കിയിട്ടില്ല . പുതിയ നിരക്കിൽ ഈടാക്കിയിട്ടില്ല. |
| 12, 13 | | 5435 | 6467 | 6467x12=77604 | |
| 16 | | 6271.20 | 7462.728 | 7462.728x12=89552.736 | |
| 14 | ജയശ്രീ | 3324 | 3619.98 | 3324x5= 16620<br>3619.98x7=25339.86<br>ആകെ - 41959.86 | കരാർ പുതുക്കിയിട്ടില്ല<br>പുതിയ നിരക്ക് അടക്കേണ്ടത് 9/2020 മുതൽ ,12 മാസത്തെ വാടക ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. |
| 4 | പ്രസ്സ് സെൻറർ ഫസ്റ്റ് ഫ്ലോർ | 410.55 | 3137.32 | 2x410.55=821.1<br>10x3137.32=31373.2<br>ആകെ - 32194.3 | കരാർ പുതുക്കിയിട്ടില്ല, പുതിയ നിരക്ക് അടക്കേണ്ടത് 6/2020 മുതൽ |

| | | | | | |
|---|---|---|---|---|---|
| 6 | സീനിയർ സിറ്റിസൺ ഫസ്റ്റ് ഫ്ലോർ | 428 | 3257.98 | 3257.98x12=39095.76 | കരാർ പുതുക്കിയിട്ടില്ല |
| 5 | ജീവനി ഫസ്റ്റ് ഫ്ലോർ | 428 | 2956 | 8x2956=23648<br>4x428=1712<br>ആകെ 25360 | കരാർ പുതുക്കിയിട്ടില്ല, പുതിയ നിരക്ക് അടക്കേണ്ടത് 8/2020 മുതൽ , |
| 1 | സുന്ദരേശൻ പിള്ള | 4476.78 | 9556.75 | 9556.75x12= 114681 | പുതിയ നിരക്കിൽ ഈടാക്കിയിട്ടില്ല |
| 2 | ക്ഷീരോൽപാദക സഹകരണ സംഘം | 4477.97 | 8910.72 | 8910.72x 12= 106928.64 | പുതിയ നിരക്കിൽ ഈടാക്കിയിട്ടില്ല |
| 3.വർക്ക് ഷെഡ് | ഷീല | 3660 | 4355.4 | 4355.4x10=43554 | 10 മാസത്തെ വാടക ഒടുക്ക വരുത്തിയില്ല |
| ക്യാന്റീൻ | അമ്മ എസ്.എച്ച്.ജി. | 300 | 300 | 300x12=3600 | 01.04.2018 മുതൽ 300 രൂപ പ്രതിമാസ വാടക, നിരക്ക് വർദ്ധനവ് നാളിതുവരെയും വരുത്തിയിട്ടില്ല |
| ആകെ | | | | 906699.49/- | |

തൻവർഷം 906699.49/- രൂപ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു. വർഷം തോറും വാടക കരാറിൽ എല്ലാ നിബന്ധനകളും രേഖപ്പെടുത്തലുകളും വരുത്തി കരാറുകൾ പുതുക്കാത്തതിനും കുടിശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്. ആയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക പലിശ സഹിതം ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.2/ 28.02.22

## 1-11 ഭൂമി അധീനതയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്നതും പിന്നീട് അന്യവ്യക്തി കയ്യേറിയതുമായ ഭൂമി അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് നിർത്തലാക്കുകയും അത് പിന്നീട് ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരികയും ചെയ്ത സാഹചര്യത്തിലും കോടതി വിധിയുടെ അടിസ്ഥാനത്തിലും ചിറ്റുമല ബ്ലോക്കിന് ആസ്തിയായി ലഭിച്ചിരുന്നു. പ്രസ്തുത സ്ഥലം അളന്നു തിരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾക്കായി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. കെ. സത്യൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം അളന്നു തിരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. കോടതി വിധിയിലൂടെ ബ്ലോക്ക് പഞ്ചായത്തിന് ആസ്തിയായി ലഭിച്ച ഭൂമി അധീനതയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 14/02.03.22

## 1-12 വിതരണ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (സി.ച്ച്.സി) നിർവ്വഹണം നടത്തിയ "സാന്ത്വനവും കരുതലും"എന്ന സ്പിൽ ഓവർ പ്രോജക്ട് (നം. 77/21 ചെലവ്തുക ₹5,66,336/-) പ്രകാരം സെക്കണ്ടറി പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെട്ട ഓരോ രോഗിക്കും ഓരോ മാസവും ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ തുക – ₹7,14,770/-
വികസനഫണ്ട് – ₹4,28,106/-
സി.എഫ്.സി – ₹2,86,664/-
ചെലവ് തുക ആകെ – ₹5,66,336/-
വികസനഫണ്ട് – ₹2,89,386/-
സി.എഫ്.സി – ₹2,76,950/-

| ട്രഷറി ബിൽ നം | തീയതി | തുക |
|---|---|---|
| ബിൽ നം.01/2020-21 | 11.04.20 | ₹1,46,500/- |
| ബിൽ നം.02/2020-21 | 11.04.20 | ₹1,42,886/- |
| ബിൽ നം.09/2020-21 | 16.01.21 | ₹2,76,950/- |

കിറ്റ് കൈപ്പറ്റിയ രോഗികളുടെ വിവരം, കിറ്റ് വിതരണവിവരം , കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 15/ 2020-21 02.03.22) നല്കിയിരുന്നെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹5,66,336/- ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-13 രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നിർവ്വഹണഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതു ബുക്കുകളിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. കെ ടി സി വോളിയം വൺ Article 92 B കുറിപ്പ് 2 പ്രകാരം രസീത് ബുക്കിലെ ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറംചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങി മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-14 ഭിന്നശേഷികാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം- നിയമാനുസൃത രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല

ഭിന്നശേഷികാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം ചെയ്യുന്നതിന് സിഡിപിഒ ചിറ്റുമല നിർവ്വഹണോദ്യോഗസ്ഥയായ രണ്ടുപ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. നാല്പത് ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവരും ഇരു ചക്രവാഹനം ഓടിക്കാൻ സാധിക്കാത്തവരും എന്നാൽ സൈഡ് വീലോട് കൂടിയ വാഹനം ഓടിക്കാൻ ശാരീരിക യോഗ്യത ഉണ്ടെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയതുമായ ലൈസൻസോ ലേണേഴ്സ് ലൈസൻസോ ഉള്ള ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഉള്ള സ്കൂട്ടർ നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിന് ഉതകുന്ന വിധത്തിൽ സൈഡ് വീലുകൾ ഘടിപ്പിച്ച്, രജിസ്ട്രേഷൻ നടത്തി, ഇൻഷ്വറൻസ് എടുത്ത് വാഹനം കൈമാറുന്നനതിനുള്ള ചെലവുകൾ ഉൾപ്പടെയുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിനനുസരിച്ച് ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിനാണ് വിതരണാവകാശം നല്കിയത്. ഇത്തരത്തിലുള്ള വാഹനം വിതരണം ചെയ്യുന്നതിനാണ് സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | യൂണിറ്റ് കോസ്റ്റ് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം., തുക | സ്കൂട്ടർ നല്കിയ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ₹ | | | | ₹ | സ്ഥാപനം |
| 1 | S0053/21 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ | 77,700/- | 7 | 5,92,650/- (വികസന ഫണ്ട്) | 5,43,900/- | 05/20-21 30.03.21 | ടോപ് ഗിയർ ഹീറോ, തൊടുപുഴ |
| 2 | S0119/21 അംഗപരിമിതർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (2019-20 ലെ പ്രോജക്ട് സ്പിൽ ഓവർ ആയി 2020-21ൽ നടപ്പിലാക്കി ) | 70,100/- | 30 | 21,03,000/- | 21,03,000/- | 02/20-21 13.05.20 | ദിയ മോട്ടോഴ്സ്, കൊല്ലം |

ക്രമ നം. 1 ലെ പ്രോജക്ട് പ്രകാരം വാഹനം ലഭിച്ച 7 ഗുണഭോക്താക്കളിൽ 3 പേരുടെ ലൈസൻസുകളുടെ പകർപ്പുകളും ഒരു വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും നം. 2 ലെ പ്രോജക്ട് പ്രകാരം വാഹനം ലഭിച്ച 30 ഗുണഭോക്താക്കളിൽ 4 പേരുടെ ലൈസൻസുകളുടെ പകർപ്പുകളും 22 വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ലഭ്യമാക്കിയ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ ഒരു വാഹനം മാത്രമാണ് "അഡാപ്റ്റഡ് വെഹിക്കിൾ" എന്ന ഇൻവാലിഡ് ക്യാരിയേജ് കാറ്റഗറിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. മറ്റു വാഹനങ്ങളുടെ "വെഹിക്കിൾ ക്ലാസ്" എന്ന ഭാഗത്ത് "മോട്ടർ സൈക്കിൾ / സ്കൂട്ടർ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുച്ചക്ര വാഹന വിതരണത്തിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മോട്ടർ സൈക്കിൾ / സ്കൂട്ടർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഭിന്നശേഷിക്കാർക്ക് വിതരണത്തിന് തയ്യാറാക്കിയ വാഹനം സൈഡ് വീൽ ഘടിപ്പിച്ചാണോ രജിസ്ട്രേഷന് നല്കിയതെന്ന് വ്യക്തമല്ല. നിയമാനുസൃത രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത വിതരണ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമല്ല.

കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം വാഹനത്തിന്റെ ഘടനയിൽ മാറ്റം വരുത്തുമ്പോൾ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനിൽ നിന്നും മുൻകൂർ ആയോ മാറ്റം വരുത്തി പതിനാല് ദിവസത്തിനുള്ളിലോ അനുമതി വാങ്ങേണ്ടതും ആയത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്താത്ത വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല ( സെക്ഷൻ.52, 149(iii) എന്നിവ കാണുക ).

ഗുണഭോക്താക്കളുടെ ലൈസൻസ് രജിസ്ട്രേഷൻ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് ( നം.03/20-21 28.02.22, 07/20-21 28.02.22, 13/20-21 02.03.22) സിഡിപിഒ നല്കിയ മറുപടിയിൽ എല്ലാവരും ലേണേഴ്സ്, ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിരുന്ന ഗുണഭോക്താക്കൾ ആയിരുന്നെന്നും എല്ലാ വാഹനങ്ങൾക്കും സൈഡ് വീൽ ഘടിപ്പിച്ച് വാഹനം രജിസ്റ്റർ ചെയ്ത് നല്കിയിട്ടുണ്ടെന്നും മൂന്ന് പേർ ഒഴികെ എല്ലാവർക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നുമാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എല്ലാ ഗുണഭോക്താക്കളുടേയും ലൈസൻസ് ഉൾപ്പടെയുള്ള അർഹതാ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും വാഹനങ്ങൾ "അഡാപ്റ്റഡ് വെഹിക്കിൾ" എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി നിയമാനുസൃത രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും മേൽ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകളുടെ പ്രയോജനം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന് വിലയിരുത്താൻ കഴിയുന്നില്ല. ഈ ഇനത്തിൽ രണ്ടു പ്രോജക്ടുകളിലായി നടത്തിയ ₹26,46,900/-

ചെലവ് തടസ്സപ്പെടുത്തുന്നു.

ആനുകൂല്യം ലഭിച്ച എല്ലാ ഗുണഭോക്താക്കളുടെയും ലൈസൻസ്, വാഹനരജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ രേഖകളും വാഹനം ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കത്തക്ക തരത്തിൽ നിയമാനുസൃതം രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 സർക്കാർ വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം - പകുതി വഴിയിൽ ഉപേക്ഷിച്ചു.

അസി. എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ ഇഞ്ചവിള ഗവൺമെന്റ് വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് പദ്ധതി പൂർത്തിയാക്കാതെ പകുതി വഴിയിൽ ഉപേക്ഷിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അൾട്ടാടെക്ക് എൻവയോൺമെന്റൽ കൺസൾട്ടൻസി എന്ന സ്ഥാപനം തയ്യാറാക്കിയ ശുചിത്വമിഷൻ അംഗീകരിച്ച ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഇഞ്ചവിള ഗവൺമെന്റ് വൃദ്ധസദനത്തിലേക്ക് മാലിന്യസംസ്കരണ പ്ലാന്റ് 94/21 പദ്ധതിയുടെ അടങ്കൽ താഴെ പറയും പ്രകാരം 2 ഭാഗമായിട്ടാണ്.

നിർമ്മാണം അടങ്കൽ - 28,20,000/- രൂപ

പ്ലാന്റ് സ്ഥാപിച്ചതിനുശേഷമുള്ള ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് – 6792062/- രൂപ

TS No. 1159/G/2018/SM Dt 4-8-18

AS No. 11(1)/21-3-18---4633760/-

പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (250339.25/- + Operations And Maintenance-2641335) രേഖപ്പെടുത്തിയ M/s Micro Water Solutions C-69 Sector 10, Noida എന്ന കമ്പിനിയ്ക്ക് 26-2-19 തീയതിയിലെ 14(1) നമ്പർ തീരുമാനപ്രകാരം പ്രവൃത്തി അംഗീകരിച്ചു നൽകി.

Selection Notice --- AEE/02/General/Chittumala/15 Dt. 28-2-19

Site Handed Over On 8-3-19

Agreement Number 11/18-19/LSGD/AEE/CTML Dt. 8-3-19

കാലാവധി 4 മാസം (120 ദിവസം )

പ്രസ്തുത പദ്ധതിയ്ക്ക് താഴെ പറയും പ്രകാരം കാലാവധി നീട്ടി കൊടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുണ്ട്.

11(A) *18-19/*LSGD/AEE/CTML Dt. 10-7-19 Last Date 7-9-19

11(A1) *18-19/*LSGD/AEE/CTML Dt. 11-11-19 Last Date 31-12-19

11(A) *18-19/*LSGD/AEE/CTML Dt. 9-1-20 Last Date തീയതി രേഖപ്പെടുത്തിയിട്ടില്ല.

11(A) *18-19/*LSGD/AEE/CTML Dt. 8-9-20 Last Date തീയതി രേഖപ്പെടുത്തിയിട്ടില്ല.

1) എം ബുക്ക് നമ്പർ

10/18-19

12/19-20

16/19-20

മൂന്നാമത്തെ എംബുക്കിന്റെ അവസാനം Carried Over To M Book Number 1 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ 80/19 നമ്പർ പ്രോജക്ട് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് ഡി.പി.ആർ തയ്യാറാക്കിയത് അൾട്ടടെക്ക് എൻവയോൺമെന്റൽ കൺസൾട്ടൻസി , കെ.പി.

വല്ലം റോഡ് കടവന്ത്ര, കൊച്ചി എന്ന എജൻസി ആണ്. സാങ്കേതികാനുമതി നൽകിയ കത്തിലെ 5 നമ്പർ നിബന്ധന പ്രകാരം ഡി.പി.ആർ തയ്യാറാക്കിയ എജൻസി പദ്ധതിയുടെ ആദ്യാവസാനം മേൽ നോട്ടം വഹിക്കണമെണമെന്ന് നിർദ്ദേശിച്ചിരുന്നതിനെ തുടർന്ന് 29-10-18 തീയതിയിൽ അനുബന്ധകരാരിൽ എർപ്പെടുകയും ചെയ്തു. ടി കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ട്രയൽ റൺ വിജയകരമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഈ പ്ലാന്റിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചെങ്കിലും കൺസൾട്ടൻസി യാതൊരു മേൽ നോട്ടമോ റിപ്പോർട്ട് നൽകുകയോ ചെയ്യാതിരുന്നതിനാൽ 01-07-2019 തീയതിയിലെ ll(2) നമ്പർ തീരുമാനപ്രകാരം ഈ കൺസൾട്ടൻസിയ്ക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. തുടർനപടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

3) പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ച നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|
| 2/19-20 | 20-8-19 | 959667/- |
| 4/20-21 | 15-5-20 | 596750/- |
| ചെക്ക് നമ്പർ 11961 | 24-2-21 | 66906/- |
| ആകെ | | 16,23,323/- |

ചെക്ക് നമ്പർ 11961 പ്രകാരം പിൻവലിച്ച നൽകിയ 66906/- രൂപയിൽ 63561/-രൂപ കരാർ പ്രകാരം കമ്പനിയ്ക്കും 3345/- രൂപ ഡിഡക്ഷൻ ഇനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്കും ആണ് നൽകിയിരിക്കുന്നത്. ടി തുക നാളിതുവരെ ഒടുക്കിയിട്ടില്ല. സർക്കാരിലേക്കുള്ള നികുതികൾ എത്രയും വേഗം ഒടുക്കുവരുത്തേണ്ടതാണ്.

4) ആദ്യ എഗ്രിമെന്റ് കാലാവധി നാല് മാസം ആയിരുന്നു. PWD മാനുവൽ പ്രകാരം വർദ്ധിപ്പിക്കാവുന്ന കരാർ കാലയളവ് പരാമവധി ആദ്യ എഗ്രിമെന്റിന്റെ കാലയളവിന്റെ 50% മാത്രമേ അധികരിച്ച നൽകാവു എന്നിരിക്കെ കാലയളവ് രേഖപ്പെടുത്താതെ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തി അനന്തമായി നീളുകയും ചെയ്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. രേഖാമൂലം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഏതു സാഹചര്യത്തിലാണ് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കാലയളവ് നീട്ടി നൽകിയത് എന്ന് വ്യക്തമല്ല.

5) നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് പണി പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ ആണ്. വൃദ്ധസദനത്തിൽ മാലിന്യങ്ങൾ പുറത്തേക്ക് ഒഴുകി വൃത്തിഹീനമായ സാഹചര്യമാണുള്ളത്. ഇത് മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാതിരിക്കുന്നതിനേക്കാൾ മോശപ്പെട്ട സാഹചര്യമാണ് സൃഷ്ടിച്ചിട്ടുള്ളത്. ആയതിനാൽ എത്രയും വേഗം പണി പൂർത്തീകരിക്കാനുള്ള തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ആദ്യഎഗ്രിമെന്റ് കാലാവധി നാലുമാസവും പിന്നീട് അനുവദിക്കാവുന്ന അധികരിച്ച കാലാവധി ആയ രണ്ടുമാസവും ഉൾപ്പെടെയുള്ള ആറുമാസത്തെ കാലയളവ് അവസാനിക്കുന്ന തീയതിയായ 7-7-19 മുതലുള്ള പിഴ കണക്കാക്കി ഫൈനൽ ബില്ലിൽ നിന്ന് കുറവു ചെയ്ത് ഈടാക്കേണ്ടതാണ്. മേൽ അപാകതകൾ കാരണം ഈയിനത്തിൽ ചെലവഴിച്ച 16,23,323/- രൂപയിൽ 2020-21 വർഷം ചെലവഴിച്ച 6,63,656/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടി സ്വീകരിച്ച് പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 17/20-21/2-3-22

തടസ്സപ്പെടുത്തുന്ന തുക – 6,63,656/- രൂപ

1-16 താലൂക്ക് ഹോസ്പിറ്റലിന് ഡയാലിസിസ് യൂണിറ്റ്-കെട്ടിടനിർമ്മാണം -ഫയൽ

പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എക്സി. എഞ്ചിനീയർ

| പ്രോജക്റ്റ് നമ്പർ | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ നമ്പർ |
|---|---|---|---|
| 98(so) | 529821 | 439489 | 7/16-3-20 |
| 105 | 6838595 | 2509597 | 1/17-8-19-1388345/- |
| | | | 3/28-11-19-439369 |
| | | | 5/16-3-20-202597 |
| | | | 6/16-3-20-479286 |
| 90 | 3715890 | 3503193 | 1/29-4-20-395300/- |
| | | | 2/29-4-20-726046 |
| | | | 3/15-5-20-752840 |
| | | | 6/26-3-21-1358159 |
| | | | 7/30-3-21-270848 |

എഗ്രിമെന്റ് നമ്പർ 10-18-19/LSGD/AEE/CTML Dt. 08.02.19 കാലാവധി 6 മാസം (120 ദിവസം)

സൈറ്റ് ഹാൻഡ് ഓവർ തീയതി 8-2-19

എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം അടങ്കൽ 7109443.17

റ്റി.എസ്.അപ്രൂവൽ HLL/KTH/DIALYSIS/TSS-22 Dt.15-12-2018

പ്രസതുത പ്രോജക്ടനായി HLL Lite Care Limited എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു പണി പൂർത്തീകരിച്ചുവെങ്കിലും മേൽ സൂചിപ്പിച്ച ബിൽ പ്രകാരമുള്ള തുകയുടെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ സെക്രട്ടറി മുഖേന അസി. എക്സി. എഞ്ചിനീയർക്ക് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ 2019-20 വർഷം 2949086/- രൂപയും 2020-21 വർഷം 3503193/- രൂപയും ചെലവഴിച്ചു. ആകെ ചെലവഴിച്ച 64,52,279/- രൂപയിൽ 2020-21 വർഷം ചെലവഴിച്ച 35,03,193/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 64,52,279/- രൂപയുടെ ഫയൽ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 20/20-21/02-02-2022

1-17 കന്നുകുട്ടി പരിപാലന പദ്ധതി -രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ എഴു പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി ആയി നൽകുന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചെർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|
| 73 | കന്നുകുട്ടി പരിപാലന പദ്ധതി | 54,50,000/- | 27,25,000/- | 1/20-21/1-4-20--475000/- |
| | | | | 2/20-21/21-4-20-2,50,000/- |
| | | | | 7/20-21 /15-5-20-10,00,000/- |
| | | | | 8/20-21 /15-5-20---10,00,000/- |
| 4/21 | കന്നുകുട്ടി പരിപാലന പദ്ധതി | 12,00,000/- | 12,00,000/- | 10/20-21/31-12-21--837500/- |
| | | | | 14/20-21/28-1-21-362500/- |

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ കർഷകർ ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രസ്തുത പദ്ധതി

പ്രകാരം ആനുകൂല്യം കൈപ്പറ്റിയവർ അല്ല എന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 39,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിലേയും ബ്ലോക്ക് പഞ്ചായത്തിലേയും എൻറോൾമെന്റ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/20-21/2-2-22

തടസ്സപ്പെടുത്തിയ തുക – 39,25,000/- രൂപ

## 1-18 മുൻകൂറായി തുക നല്കിയിട്ടുണ്ടെങ്കിലും കെൽട്രോണിൽ നിന്നും നാളിതുവരെ കംപ്യൂട്ടറുകൾ ലഭിച്ചിട്ടില്ല

സിഡിപിഒ ഓഫീസ് മീറ്റിങ് ഹാൾ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ട് നം.83 പ്രകാരം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ൽ നിന്നും ₹1,76,119/- സിഡിപിഒ ചിറ്റുമല ചെലവഴിച്ചിട്ടുണ്ട്. മീറ്റിങ് ഹാളിലേക്ക് ആവശ്യമായ രണ്ടു കംപ്യൂട്ടറുകൾ, നൂറ് പ്ലാസ്റ്റിക് കസേരകൾ, പി.എ.സിസ്റ്റം എന്നിവ വാങ്ങുന്നതിനാണ് തുക വിനിയോഗിച്ചിരുന്നത്. ഈ ഇനങ്ങളുടെ സ്റ്റോക്ക് എൻട്രി വിവരം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.3/2020-21 28.02.22) നുള്ള മറുപടിയിൽ പ്ലാസ്റ്റിക് കസേരകൾ, പി.എ.സിസ്റ്റം എന്നിവ ലഭ്യമായിട്ടുണ്ടെന്നും അവ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ രണ്ട് കംപ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോൺ ന്റെ പ്രഫോർമ റഫറൻസ് നം. 11585/20.11.19 പ്രകാരം ₹61,572/- (ബിൽ നം. 01/28.04.20) പ്രകാരം മുൻകൂർ നല്കിയെങ്കിലും നാളിതുവരെ കംപ്യൂട്ടറുകൾ ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂറായി തുക അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കംപ്യൂട്ടറുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ₹61,572/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. കംപ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 3/2020-21 / 28.02.22
തടസ്സപ്പെടുത്തിയ തുക – 61,572/- രൂപ

## 1-19 സബ്സിഡി മാർഗ രേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കി

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് മുൻകൂർ അനുമതി നേടാതെ നടപ്പിലാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീ. 14.02.2018 ഖ-6-2 പ്രകാരം നടപ്പാക്കേണ്ടിയിരുന്ന പദ്ധതിയ്ക്ക് പകരം അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പിലാക്കി.
നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

| പ്രോജക്ട് നമ്പർ | പ്രോജക്ട് | പ്രോജക്ട് വിവരണം | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|---|
| 14 | ഗോട്ട് സാറ്റ് ലൈറ്റ് യൂണിറ്റ് (എസ്,സി.പി) | ഗ്രൂപ്പുകൾക്ക് ആടുകളെ വിതരണം ചെയ്യുന്നതിന് | 1,20,000/- | 1,20,000/- | 5/20-21 /21-4-20-60,000/-<br>6/20-21 /21-4-20-60,000/- |
| 74/21 | ബീഫ് ക്ലസ്റ്റർ ജനറൽ | ഗ്രൂപ്പുകൾക്ക് പോത്തുകട്ടികളെ വിതരണം ചെയ്യുന്നതിന് | 3,00,000/- | 3,00,000/- | 3/20-21-2,40,000/-<br>4/20-21 /21-4-20-60,000/- |

ഗ്രൂപ്പുകൾക്ക്/വ്യക്തികൾക്ക് ആണ് ആനുകൂല്യം നൽകിയത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുൻകൂർ അനുമതി ലഭ്യമായത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/20-21/2-3-2022

തടസ്സപ്പെടുത്തിയ തുക – 4,20,000/- രൂപ

1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പദ്ധതി | എസ്.0143/21 -കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി യുടെ വനിതാ ഹോസ്റ്റലിന് കെട്ടിട നിർമ്മാണം-വിഹിതം നൽകൽ |
| അടങ്കൽ | 3,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് | 3,00,000/-രൂപ (ബിൽ നം.10/20-21,2.10.2020 |
| നിർവഹണം | സെക്രട്ടറി |

ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/2.3.2022

1-21 വജ്രജൂബിലി ഫെലോഷിപ്പ് - കലാകരൻമാർക്ക് ഫെലോഷിപ്പ് നൽകിയതിൽ മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി | എസ്.0058/21<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലേക്ക് വിന്യസിക്കപ്പെട്ട വജ്രജൂബിലി ഫെലോഷിപ്പ് കലാകരൻമാർക്ക് ഫെലോഷിപ്പ്. |
| അടങ്കൽ | 3,00,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 2,00,000/-രൂപ (ബിൽ നം. 15/20-28.1.2021 – 1,00,000/- രൂപ<br>ബിൽ നം. 26/20-21, 24.3.2021) |
| നിർവഹണം | സെക്രട്ടറി |

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കലാകാരൻമാർക്ക് ഫെലോഷിപ്പ് നൽകുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിനായി രേഷ്മ. ആർ, മങ്ക. ആർ. എസ്, നിതിൻ. എസ്. കുമാർ, ബൈജു നാണു എന്നീ കലാകാരൻമാരെ തെരഞ്ഞെടുത്ത് 5,000/- രൂപ വീതം 10 മാസത്തേക്ക് ഫെലോഷിപ്പ് നൽകിയിട്ടുണ്ട്. ഇവരെ എപ്രകാരം തെരഞ്ഞെടുത്തുവെന്ന് വ്യക്തമല്ല. 29.01.2018 ലെ സ.ഉ.(എം.എസ്)11/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം ചുവടെ പരാമർശിക്കുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാവണം വജ്രജൂബിലി ഫെലോഷിപ്പിനായുള്ള കലാകരൻമാരുടെ തെരഞ്ഞെടുപ്പ്.

1. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ബ്ലോക്ക്തല സമിതിയുടെ അവലോകന റിപ്പോർട്ട്.
2. കലാപരിശീലനത്തിനായി തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ ഏതൊക്കെ?
3. ആകെ കലാപരിശീലനം നൽകിയ ദിനങ്ങൾ.
4. കലാകാരൻമാരുടെ പദ്ധതിപ്രവർത്തനം, ഹാജർ എന്നിവ പരിശോധിച്ച് ജില്ലാ കോ-ഓർഡിനേറ്റർ നൽകുന്ന റിപ്പോർട്ട്.
5. സാസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രം

വജ്രജൂബിലി ഫെലോഷിപ്പ് അനുവദിക്കുന്നതിന് ഇത്രയും രേഖകൾ ആവശ്യമാണെന്നിരിക്കെ ജില്ലാ കോ-ഓർഡിനേറ്ററുടെ 28.11.2020 ലെ റിപ്പോർട്ടും (ഈ റിപ്പോർട്ടിൽ കലാകരൻമാരുടെ പദ്ധതിപ്രവർത്തനത്തെയോ, ഹാജരോ സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. കലാകാരൻമാർ ഫെലോഷിപ്പിന് അർഹരാണെന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രവും മാത്രം അടിസ്ഥാനമാക്കിയാണ് ഫെലോഷിപ്പ് നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/2.3.2022

തടസ്സപ്പെടുത്തിയ തുക – 2,00,000/- രൂപ

## 1-22 എസ്.0044/21- 10,+1,+2- തുല്യത പഠിതാക്കൾക്ക് പഠന സഹായം- മതിയായ രേഖകൾ ഇല്ലാതെ തുക നൽകി

| | |
|---|---|
| പദ്ധതി | എസ്.0044/21- 10,+1,+2- തുല്യത പഠിതാക്കൾക്ക് പഠന സഹായം. |
| അടങ്കൽ | 5,00,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 4,99,900/-രൂപ (ബിൽ നം.20/20-21,5.2.2020) |
| നിർവഹണം | സെക്രട്ടറി |

പത്താംതരം തുല്യതക്കായി 42 പഠിതാക്കൾക്ക് 1850/-രൂപ (77,700/-)വീതവും, പ്ലസ് വൺ തുല്യതയ്ക്കായി 80 പേർക്ക് 2500/-രൂപ വീതവും, (2,00,000/-) പ്ലസ് 2 തുല്യതക്കായി 101 പേർക്ക് 2200/-രൂപ വീതവും (2,22,200/-) ആണ് വകയിരുത്തിയത്. പഠിതാക്കളുടെ അപേക്ഷകൾ യാതൊന്നും ഫയലിൽ ലഭ്യമല്ല. സംസ്ഥാന സാക്ഷരത മിഷൻ അപേക്ഷകരുടെ എണ്ണം പരാമർശിച്ച് നൽകുന്ന കത്ത് ഫയലിൽ ഇല്ല.

പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകളും ലഭ്യമല്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,99,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/2.3.2022

## 1-23 ലൈഫ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രമില്ല

| | |
|---|---|
| പദ്ധതി | എസ്.0055/21-ലൈഫ് ഭവന പദ്ധതി |
| അടങ്കൽ | 73,56,221/- രൂപ<br>(വികസന ഫണ്ട് -ജനറൽ- 58,21,942/- രൂപ)<br>സി.എഫ്.സി-15,34,279/- രൂപ ) |
| ചെലവ് | 73,56,221/- രൂപ<br>(ബിൽ നം.4/20-21,18.8.20,<br>10,50,888/- രൂപ<br>ബിൽ നം.6/20-21,18.8.20,<br>10,50,888/- രൂപ<br>ബിൽ നം.7/20-21,19.8.20,<br>10,50,888/- രൂപ<br>ബിൽ നം.8/20-21,19.8.20,<br>10,50,888/- രൂപ<br>ബിൽ നം.10/20-21,20.8.20,<br>10,50,888/- രൂപ<br>ബിൽ നം.11/20-21,20.8.20,<br>10,50,888/- രൂപ<br>ബിൽ നം.14/20-21, 5.9.20,<br>10,50,888/- രൂപ |

| | |
|---|---|
| | ബിൽ നം.16/20-21,5.9.20,<br>10,50,889/- രൂപ) |
| നിർവഹണം | സെക്രട്ടറി |

2020-21 വർഷം ലൈഫ് ഭവന പദ്ധതിക്കായി പനയം, മൺറോതുരുത്ത്, കുണ്ടറ, കിഴക്കേകല്ലട എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ പരാമർശിക്കുംവിധം വിഹിതം നൽകിയിട്ടുണ്ട്.

1. പനയം ഗ്രാമപഞ്ചായത്ത് – 21,01,776/- രൂപ
2. കുണ്ടറ ഗ്രാമപഞ്ചായത്ത് – 21,01,776/- രൂപ
3. മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് – 21,01,776/- രൂപ
4. കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് – 21,01,777/- രൂപ

മേൽ പരാമർശിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 73,56,221/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 73,56,221/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 16/2.3.2022

1-24 വാട്ടർ ടാങ്ക് വിതരണം- വിതരണവിവരം ലഭ്യമല്ല, വികസന ഫണ്ട് അധികമായി ചെലവഴിച്ചു

| | | |
|---|---|---|
| അടങ്കൽ തുക ആകെ - ₹10,80,000/- | വികസനഫണ്ട് (SCP) - ₹8,10,000/- | ഗുണഭോക്തൃ വിഹിതം - ₹2,70,000/- |
| ചെലവ് തുക ആകെ - ₹8,10,000/- | വികസനഫണ്ട് - ₹8,10,000/- | ഗുണഭോക്തൃ വിഹിതം ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നല്കുന്നതിനുള്ള പ്രോജക്ട് (നം. 133) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 375 ഗുണഭോക്താക്കൾക്ക് ടാങ്കുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒരു ഗുണഭോക്താവിൽ നിന്ന് ₹720/- ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കി 310 ഗുണഭോക്താക്കൾക്കാണ് ടാങ്കുകൾ വിതരണം ചെയ്തിട്ടുള്ളത്. ഒരു ടാങ്കിന് ₹2,850/- നിരക്കിൽ സപ്ളൈ ചെയ്യുന്നതിന് "വിക്ടോറിയ പോളി ഫോം, കൈപ്പള്ളി, തൃശ്ശൂർ" എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിരുന്നു. പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം ഒരു ടാങ്കിന് വികസന ഫണ്ടിൽ നിന്നും ₹2,130/- ഉം ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുള്ള തനത് ഫണ്ടിൽ നിന്നും ₹720/-ഉം ചെലവഴിക്കേണ്ടിയിരുന്നു. ഇത്തരത്തിൽ ആകെ 310 ഗുണഭോക്താക്കൾക്ക് വികസന ഫണ്ടിൽ നിന്നും ₹6,60,300/- ഉം തനത് ഫണ്ടിൽ നിന്നും ₹2,23,200/- ഉം ആണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും ₹8,10,000/- ചെലവഴിച്ചതായി കാണുന്നു. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം. | തീയതി | തുക ₹ |
|---|---|---|
| 30 | 30.12.20 | 3,02,100 |
| 36 | 19.01.21 | 1,48,200 |
| 40 | 27.01.21 | 1,48,200 |
| 43 | 04.02.21 | 1,42,500 |
| 46 | 09.03.21 | 69,000 |
| | ആകെ | 8,10,000/- |

വാട്ടർ ടാങ്ക് സപ്ളൈ ചെയ്ത സ്ഥാപനം ₹8,83,500/-ടെ ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും

സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത തുകകളുടെ വിശദാശങ്ങൾ ലഭ്യമല്ല. മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വികസന ഫണ്ടിൽ നിന്നും അധിക തുക വിതരണം ചെയ്തതിനുള്ള കാരണം വിശദീകരിക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.19/2020-21 02.03.22) നല്കിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. വാട്ടർ ടാങ്ക് ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, ടാങ്കുകളുടെ വിതരണവിവരം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് റിക്വിസിഷൻ -26.02.22).

ആയതിനാൽ വാട്ടർ ടാങ്കുകൾ വിതരണം ചെയ്ത സ്ഥാപനത്തിന് നല്കിയ തുകയിൽ വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന തുകയിലും അധികരിച്ച് നല്കിയ ₹1,49,700/- ടെ ചെലവ് നിരാകരിക്കുന്നു.

ചെലവ് രേഖകളുടെ (ടാങ്ക് ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, ടാങ്കുകളുടെ വിതരണവിവരം) അഭാവത്തിൽ ₹6,60,300/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 19/02.03.22 )
തടസ്സപ്പെടുത്തിയ തുക – ₹6,60,300/-

## 1-25 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് 2017-18 സാമ്പത്തിക വർഷം മുതൽ ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രോജക്ട് പ്രകാരം തുകകൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം നാളിതുവരെ പണികൾ പൂർത്തിയാക്കി അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ലാത്തവരുടെ വിവരം ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം ശ്രീ/ശ്രീമതി | ആദ്യ ഗഡു അനുവദിച്ച തീയതി | ആകെ തുക (രൂപ) | 31.03.21 വരെ കൈപ്പറ്റിയ തുക(രൂപ) | ബാക്കി തുക (രൂപ) |
|---|---|---|---|---|---|
| 1 | ഷാജൻ.ജി, കാർത്തുഭവനം, ഞാറയ്ക്കൽ | 29.01.18 | 100,000 | 50000 | 50000 |
| 2 | ഗീതകുമാരി, കളപ്പുറത്ത് കിഴക്കതിൽ, കോയിക്കൽമുറി | 29.01.18 | 100,000 | 50000 | 50000 |
| 3 | ശിവകൈലാസ്, വർഷാലയം, തണ്ണിക്കോട്, മുളവന | 06.03.18 | 100,000 | 50000 | 50000 |
| 4 | സജിത, കിഴക്കേക്കര വീട്, ഠൗൺവാർഡ്, ഈസ്റ്റ് കല്ലട | 06.03.18 | 1,00,000 | 50000 | 50000 |
| 5 | അജിത് കുമാർ.ജി നന്ദനം, കിടപ്ര തെക്ക്, മൺട്രോതുരുത്ത് | 19.12.18 | 2,00,000 | 1,50,000 | 50000 |
| 6 | സുഭാഷ്.ഡി പുത്തൻവീട്ടിൽകിഴക്കതിൽ, കിടപ്രം , മൺട്രോതുരുത്ത് | 23.10.18 | 2,00,000 | 1,50,000 | 50000 |
| 7 | രഞ്ജിനി.ആർ | 26.10.19 | 2,00,000 | 1,00,000 | 1,00,000 |

| | | | | | |
|---|---|---|---|---|---|
| | ലക്ഷംവീട്, പാമ്പായിൽ, പനയം | | | | |
| 8 | സുജാത.എ, ശിവമന്ദിരം, പട്ടംതുരുത്ത്, മൺട്രോ തുരുത്ത് | 16.01.20 | 2,00,000 | 50,000 | 1,50,000 |
| 9 | ഉഷ.സി, വിനായക്ഭവനം, ഇഞ്ചവിള, തൃക്കരുവ | 19.11.20 | 2,00,000 | 50,000 | 1,50,000 |
| 10 | ഗിരീഷ്.ആർ<br>കുറ്റിയിൽ പുത്തൻവീട്, കൊട്ടുവിള, കിഴക്കേകല്ലട | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 11 | സുനിത.എസ്<br>കോലിഞ്ചിവിള വീട്, മുക്കട്, കുണ്ടറ | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 12 | രഞ്ജിനി.ആർ<br>പാലക്കട ജയന്തികോളനി, വെള്ളിമൺ, പെരിനാട് | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 13 | ജലജ.ഒ, തെങ്ങയത്ത്, മുളവന, കുണ്ടറ | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 14 | ദീപമോൾ, നന്ദനം, പനയം | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 15 | ബിന്ദുസാരൻ, അയനഭവനം, പനയം | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 16 | പ്രിസി.എസ്, മുള്ളിക്കാട് മേലേതിൽ, ചെമ്മക്കാട്, പനയം | 16.03.21 | 2,00,000 | 50,000 | 1,50,000 |
| 17 | തമ്പാൻ, ചരുവിൽവീട്, ഇടവട്ടം, പെരിനാട് | 19.03.21 | 2,00,000 | 50,000 | 1,50,000 |
| 18 | സുജാത.ഡി<br>ചന്ദ്രവിലാസം, ലക്ഷംവീട്, കേരളപുരം, പെരിനാട് | 19.03.21 | 2,00,000 | 50000 | 1,50,000 |
| 19 | രജിത. ആർ, ശ്രേയനിവാസ്, പെരിനാട്, പനയം | 29.03.21 | 2,00,000 | 5,0000 | 1,50,000 |

ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ബാക്കി തുക അനുവദിക്കേണ്ടതാണ്.

സമയബന്ധിതമായും കരാർ പ്രകാരവും പണികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽനിന്ന് അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-26 കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (സി.ച്ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്കുകളിലെ മരുന്നുകൾ വാങ്ങുന്നതിനായി അനുവദിച്ച തുകകൾക്കനുസൃതമായി താഴെ പറയുന്ന മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം & പേര് ഫണ്ട് ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | ട്രഷറി ബിൽ നം.തീയതി | നൽകിയ തുക ₹ | ലഭിച്ച മരുന്നുകളുടെ വില ₹ | ലഭിക്കാനുള്ള മരുന്നുകളുടെ വില ₹ |
|---|---|---|---|---|---|---|
| 1 | 18/21 പാലിയേറ്റീവ് കെയർ -സെക്കണ്ടറി ഘട്ടം(സി.എഫ്.സി | ഇൻഹൗസ് ഡ്രഗ് ബാങ്ക് | 22/30.03.20 | 1,79,996 | 45407 | 1,34,589 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട്) | | | | | |
| 2 | 19/21 കുണ്ടറ താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ഇൻഹൗസ് ഡ്രഗ് ബാങ്ക് | 10/16.07.21 | 72,682 | 36,687 | 35,995 |
| | | കെഎം എസ് സിഎൽ | 10/16.01.21 | 4,27,318 | 4,12,228 | 15,090 |
| 3 | 20/21 പാലിയേറ്റീവ്, ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് മരുന്ന് മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | ഇൻഹൗസ് ഡ്രഗ് ബാങ്ക് | 15/18.03.21 | 7,85,011 | 6,60,404 | 1,24,607 |

മരുന്നുകൾ ലഭിച്ചതിന്റെ വിവരം ബിൽ /സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 11/ 2020-21 02.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി, സ്റ്റോക്ക് എൻട്രി നടത്തി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാട്ടർ ടാങ്ക് വിതരണം- വിതരണവിവരം ലഭ്യമല്ല, വികസന ഫണ്ട് അധികമായി ചെലവഴിച്ചു

| | | |
|---|---|---|
| അടങ്കൽ തുക ആകെ - ₹10,80,000/- | വികസനഫണ്ട് (SCP) - ₹8,10,000/- | ഗുണഭോക്തൃ വിഹിതം - ₹2,70,000/- |
| ചെലവ് തുക ആകെ - ₹8,10,000/- | വികസനഫണ്ട് - ₹8,10,000/- | ഗുണഭോക്തൃ വിഹിതം ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നല്കുന്നതിനുള്ള പ്രോജക്ട് (നം. 133) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 375 ഗുണഭോക്താക്കൾക്ക് ടാങ്കുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒരു ഗുണഭോക്താവിൽ നിന്ന് ₹720/- ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കി 310 ഗുണഭോക്താക്കൾക്കാണ് ടാങ്കുകൾ വിതരണം ചെയ്തിട്ടുള്ളത്. ഒരു ടാങ്കിന് ₹2,850/- നിരക്കിൽ സപ്ളൈ ചെയ്യുന്നതിന് "വിക്ടോറിയ പോളി ഫോം, കൈപ്പള്ളി, തൃശ്ശൂർ" എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിരുന്നു. പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം ഒരു ടാങ്കിന് വികസന ഫണ്ടിൽ നിന്നും ₹2,130/- ഉം ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുള്ള തനത് ഫണ്ടിൽ നിന്നും ₹720/-ഉം ചെലവഴിക്കേണ്ടിയിരുന്നു. ഇത്തരത്തിൽ ആകെ 310 ഗുണഭോക്താക്കൾക്ക് വികസന ഫണ്ടിൽ നിന്നും ₹6,60,300/- ഉം തനത് ഫണ്ടിൽ നിന്നും ₹2,23,200/- ഉം ആണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും ₹8,10,000/- ചെലവഴിച്ചതായി കാണുന്നു. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം. | തീയതി | തുക ₹ |
|---|---|---|

| | | |
|---|---|---|
| 30 | 30.12.20 | 3,02,100 |
| 36 | 19.01.21 | 1,48,200 |
| 40 | 27.01.21 | 1,48,200 |
| 43 | 04.02.21 | 1,42,500 |
| 46 | 09.03.21 | 69,000 |
| | ആകെ | 8,10,000/- |

വാട്ടർ ടാങ്ക് സപ്ളൈ ചെയ്ത സ്ഥാപനം ₹8,83,500/-ടെ ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത തുകകളുടെ വിശദാശങ്ങൾ ലഭ്യമല്ല. മുഴവൻ തുകയും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വികസന ഫണ്ടിൽ നിന്നും അധിക തുക വിതരണം ചെയ്തതിനുള്ള കാരണം വിശദീകരിക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 19/2020-21 02.03.22) നല്കിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. വാട്ടർ ടാങ്ക് ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, ടാങ്കുകളുടെ വിതരണവിവരം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് റിക്വിസിഷൻ -26.02.22).

ആയതിനാൽ വാട്ടർ ടാങ്കുകൾ വിതരണം ചെയ്ത സ്ഥാപനത്തിന് നല്കിയ തുകയിൽ വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന തുകയിലും അധികരിച്ച് നല്കിയ ₹1,49,700/- ടെ ചെലവ് നിരാകരിക്കുന്നു.

ചെലവ് രേഖകളുടെ (ടാങ്ക് ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, ടാങ്കുകളുടെ വിതരണവിവരം) അഭാവത്തിൽ ₹6,60,300/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

നിരാകരിച്ച തുക – ₹1,49,700/-

തടസ്സപ്പെടുത്തിയ തുക – ₹6,60,300/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 24.02.2022 | കെ.എസ്.എ.കെ.എൽ.എം.പി.4/528/22 തീയതി – 08/06/2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

തുകയൊന്നും ലഭിച്ചിട്ടില്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തുകയൊന്നും നല്കിയിട്ടില്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തുകയൊന്നും നല്കിയിട്ടില്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ വരവ്, തിരിച്ചടവ് ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹7,92,500/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹7,92,500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹7,92,500/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 16.07.2013 | 72 മാസം | 135000 | ശ്രീ. ഓമനക്കുട്ടൻ പിള്ള (റൂം നം 6) |
| 2 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 75000 | ശ്രീമതി. ഷീല, (വർക്ക്ഷെഡ്) |
| 3 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 16.07.2013 | 72 മാസം | 90500 | ഡി. ജോക്കബ് (റൂം നം 3) |
| 4 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 60000 | ശ്രീ. രാജേഷ് കുമാർ (റൂം നം 9) |
| 5 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 150000 | ശ്രീ. ബൈജു (റൂം നം 4) |
| 6 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 25000 | ശ്രീ. സുന്ദരേശൻ പിള്ള (ഷെഡ്) |
| 7 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 19.10.2015 | 60 മാസം | 32000 | ശ്രീ. ഗോപകുമാർ (റൂം നം 8) |
| 8 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 08.10.2015 | 60 മാസം | 30000 | ശ്രീ. ഷിബുകുര്യാക്കോസ് (റൂം നം 5) |
| 9 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23.08.2017 | 36 മാസം | 195000 | ശ്രീ. ജയദേവൻ |
| ആകെ | | | | | 792500/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | ഖ - 25 | 2001-02 | ഖ - 2-3-1 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 26 | 2001-02 | ഖ - 2-3-(ii) | ധാന്യകറിപ്പൊടി നിർമ്മാണ യൂണിറ്റ് - | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ | |
| 1997-98 | ഖ - 27 | 2001-02 | ഖ - 2-3-(iii) | കശുവണ്ടി സംസ്കരണ വിപണന സംഘം - പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 29 | 2001-02 | ഖ - 2-1-(iv) | മാർക്കറ്റിംഗ് സെയിൽസ് സഹകരണ സംഘം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1998-99 മുതൽ 2005-06 വരെ | ഖ - 3-9 | 2007-08 | 3-11-1 | അഞ്ചാലുംമൂട് ലേബർ കോപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1998-99 മുതൽ 2005-06 വരെ | 3-11-2 | 2007-08 | ഖ - 3-10 | റോഡ് റോളർ വാങ്ങിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 1998-99 മുതൽ 2005-06 വരെ | ഖ - 3-24 | 2007-08 | ഖ - 3-11-3 | 1998-99 മുതൽ 2005-06 വരെ<br>വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | (നിഷ്ക്രിയ ആസ്തികൾ) | 2014-15 | ഖ - 4-1-15 | തൃക്കടവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനായി 5,50,596/- രൂപ ചെലവിട്ട് വാങ്ങിയ ആംബുലൻസ് നാശോന്മുഖമായി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തുകകളൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | ₹1,49,700/- | ശ്രീ സിബി എ ജി, എസ് സി ഡി ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | ₹5,66,336/- | ഡോ. അനിതാ കെ കുമാർ, മെഡിക്കൽ ഓഫീസർ-സിഎച്ച്സി |
| 1-14 | ₹26,46,900/- | ശ്രീമതി സുഷമ കെ, സി ഡി പി ഒ ചിറ്റുമല |

| | | |
|---|---|---|
| 1-15 | ₹6,63,656/- | ശ്രീമതി ഹസീന എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-16 | ₹35,03,191/- | ശ്രീമതി ഹസീന എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-17 | ₹39,25,000/- | ഡോ. ബിന്ദു, വെറ്ററിനറി സർജൻ |
| 1-18 | ₹61,572/- | ശ്രീമതി സുഷമ കെ, സി ഡി പി ഒ ചിറ്റുമല |
| 1-19 | ₹4,20,000/- | ഡോ. ബിന്ദു, വെറ്ററിനറി സർജൻ |
| 1-20 | ₹3,00,000/- | ശ്രീ ബി രാധാകൃഷ്ണപിള്ള, സെക്രട്ടറി |
| 1-21 | ₹1,00,000/- | ശ്രീ ബി രാധാകൃഷ്ണപിള്ള, സെക്രട്ടറി |
| | ₹1,00,000/- | ശ്രീ കെ അജികുമാർ, സെക്രട്ടറി |
| 1-22 | ₹4,99,000/- | ശ്രീ ബി രാധാകൃഷ്ണപിള്ള, സെക്രട്ടറി |
| 1-23 | ₹73,56,221/- | ശ്രീ ബി രാധാകൃഷ്ണപിള്ള, സെക്രട്ടറി |
| 1-24 | ₹6,60,300/- | ശ്രീ സിബി എ ജി, എസ് സി ഡി ഒ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബി രാധാകൃഷ്ണപിള്ള, സെക്രട്ടറി | വിരമിച്ചു | ഇന്ദീവരം, ഇഞ്ചവിള പിഒ, ചിറ്റയം, പെരിനാട്, കൊല്ലം |
| ശ്രീ കെ അജികുമാർ, സെക്രട്ടറി | നേമം ബ്ലോക്ക് | സാന്ദ്രം, വെങ്ങാന്നൂർ, തിരുവനന്തപുരം |
| ശ്രീമതി സുഷമ കെ, സി ഡി പി ഒ ചിറ്റുമല | വിരമിച്ചു | 215 , പുത്തൻപുരയിൽ, പട്ടംതുരുത്ത് പിഒ, കൊല്ലം പിൻ -691601 |
| ശ്രീമതി ഹസീന എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | സഫയർ, ചന്ദനത്തോപ്പ് പിഒ, കേരളപുരം കൊല്ലം പിൻ-691509 |
| ശ്രീമതി പ്രിയ കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | മാധവം, മുരുന്തൽ, പെരിനാട് പിഒ, കൊല്ലം |
| ഡോ. ബിന്ദു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | സോപാനം, കട്ടയിൽ, ഓടനാവട്ടം പിഒ |
| ശ്രീ സിബി എ ജി, എസ് സി ഡി ഒ | ലഭ്യമല്ല | അയ്യൻകുളങ്ങര, നോർത്ത് ആര്യാട് പിഒ, ആലപ്പുഴ പിൻ-688538 |
| ഡോ.അനിതാ കെ കുമാർ, മെഡിക്കൽ ഓഫീസർ-സിഎച്ച്സി | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | ഉഷസ്, പാങ്ങപ്പാറ തിരുവനന്തപുരം-695581 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2004-05<br>2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി4/293/2020, തീയതി-08.09.2020 | 1 |
| 2007-08 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1094/2018, തീയതി-04.09.2018 | 2 |
| 2008-09 | കെ.എസ്സ്.എ-കെ.എൽ.എം-പി4/291/2018, തീയതി-23.05.2019 | 5 |
| 2009-10 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1755/2018, തീയതി-13.05.2019 | 8 |
| 2010-11 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1232/2017, തീയതി-14.05.2017 | 4 |
| 2011-12 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1386/2017, തീയതി-14.06.2018 | 4 |
| 2012-13<br>2013-14 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1456/2018, തീയതി-20.09.2019 | 5 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം-പി4/537/2018, തീയതി-20.08.2018 | 1 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1124/2018, തീയതി-27.07.2019 | 3 |
| 2017-18 | കെ.എസ്സ്.എ-കെ.എൽ.എം-പി4/434/2020(1), തീയതി-19.08.2020 | 9 |
| 2018-19 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020, തിയതി : 24.02.2021 | 31 |
| 2019-20 | കെ.എസ്സ്.എ-കെ.എൽ.എം-പി4/554/2022, തിയതി : 08.06.2022 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്